പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2097 — 18.06.2013 ൽ മറുപടിക്ക്

# വൈദ്യുതി ഉപഭോക്താക്കൾക്ക് ടി.ഒ.ഡി.സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം<br>" ഹൈബി ഈഡൻ<br>" എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ടി.ഒ.ഡി. സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) വൈദ്യുതി ശൃംഖലയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനും എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും, വൈദ്യുതി ഉപഭോഗത്തിലെ വലിയ വ്യതിയാനങ്ങൾ ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്. നിലവിൽ വൈകുന്നേരത്തെ വൈദ്യുതി ഉപഭോഗം ഏറ്റവും ഉയർന്നു നിൽക്കുന്നതും തുടർന്ന് രാത്രിയുള്ള ഉപഭോഗം ഗണ്യമായി കുറഞ്ഞിരിക്കുന്നതായും ആണ് കാണുന്നത്. വൈകുന്നേരത്തെ വൈദ്യുതി ഉപഭോഗം സാധ്യമാകുന്നിടത്തോളം മറ്റ് സമയത്തേക്ക് മാറ്റുന്നത് വൈദ്യുതി ചാർജ്ജിൽ ഇളവ് നേടാൻ ഉപഭോക്താക്കൾക്ക് അവസരം നൽകുന്നതോടൊപ്പം വൈദ്യുതി ശൃംഖലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യും. |

(. . . . 2)

ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ ഇസ്തിരിപ്പെട്ടി, ഇലക്ട്രിക് ഹീറ്റർ, വാട്ടർ പമ്പ്, ആഡംബര വിളക്കുകൾ, എയർ കണ്ടീഷണർ, മിക്സി, ഇൻവെർട്ടർ, ഗ്രൈൻഡർ, ഇൻഡക്ഷൻ കുക്കർ, മൈക്രോവേവ് ഓവൻ തുടങ്ങി ഉപയോഗം മാറ്റി വയ്ക്കാൻ കഴിയുന്ന നിരവധി വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. തുടർച്ചയായി പ്രവർത്തിക്കുന്ന റഫ്രിജറേറ്റർ ഏതാനും മണിക്കൂർ നിർത്തി വയ്ക്കുന്നതിനും തടസ്സമില്ല. ഇത്തരം വൈദ്യുതോപകരണങ്ങൾ വൈകുന്നേരം 6 മുതൽ രാത്രി 10 വരെയുള്ള സമയത്ത് പ്രവർത്തിപ്പിക്കാതെ മറ്റ് അനുയോജ്യമായ സമയത്ത് പ്രവർത്തിപ്പിക്കുന്നത്, പുതിയ രീതിയിലുള്ള ബില്ലിംഗ് പ്രകാരം വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ സഹായകരമാണ്. വ്യാവസായിക ഉപഭോക്താക്കൾക്കും വൈകുന്നേരത്തെ വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച്കൊണ്ട് ഉൽപ്പാദന പ്രവർത്തനം തടസ്സമില്ലാതെ നിർവ്വഹിക്കാൻ മെച്ചപ്പെട്ട ക്രമീകരണത്തിലൂടെ സാധിക്കും.

(സി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഇത്തരം മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ?

എല്ലാ ഹൈടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ (HT/EHT) ഉപഭോക്താക്കൾക്കും ശരാശരി മാസ ഉപഭോഗം 500 യൂണിറ്റിന് മുകളിൽ വരുന്ന ത്രീ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്കും ആണ്, നിശ്ചിത സമയ പരിധികളിലെ ഉപഭോഗം പ്രത്യേകം രേഖപ്പെടുത്തുന്ന റ്റി.ഒ.ഡി മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിൻപ്രകാരം കണക്റ്റഡ് ലോഡ് 20 KW ഉം അതിന് മുകളിലും

ഉള്ള എൽ.ടി. വ്യാവസായിക ഉപഭോക്താക്കൾക്ക് റ്റി.ഒ.ഡി മീറ്ററുകൾ ലഭ്യതയനുസരിച്ച് മാറ്റി സ്ഥാപിച്ചുകൊടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ